(സി) ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ ശ്രീ. കപിൽ സിബൽ ഹാജരായതിന് ഫീസിനത്തിൽ എത്ര രൂപ നൽകി എന്ന് വ്യക്തമാക്കുമോ;

(ഡി) ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ അദ്ദേഹം ഹാജരായത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 29-10-2015-ലെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യണമെന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ച് ക്രിമിനൽ എം.സി. അല്ലായെങ്കിൽ യോജ്യമായ റിട്ട് ഫയൽ ചെയ്യുന്നതിന് വിജിലൻസ് ഡയറക്ടർക്ക് സർക്കാരിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. കപിൽ സിബൽ ഹാജരായത് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരമാണ്. ഫീസിനത്തിൽ നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല.

വിജിലന്റ് കേരള പദ്ധതി

231 (1975) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലന്റ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിജിലന്റ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നൂറ് ശതമാനം അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും ഭരണ നിർവ്വഹണവും ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ, പരാതി സംസ്കാരത്തിൽനിന്നും മാറി കൂട്ടായ പ്രശ്ന പരിഹാരം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന അഴിമതി വിരുദ്ധ പദ്ധതിയാണ് വിജിലന്റ് കേരള. ഈ ലക്ഷ്യപ്രാപ്തിക്കായി പ്രദേശത്തെ ഓരോരുത്തരും, പരാതി പറയുന്നതിനുപകരം, അഴിമതി വിരുദ്ധ പ്രവർത്തനത്തിന് പങ്കാളികളാകുക എന്നതാണ് വിജിലന്റ് കേരളയുടെ പ്രത്യേകത.

(സി) വിജിലന്റ് കേരള പദ്ധതി കൂടുതൽ തലങ്ങളിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

വിജിലൻസ് കോടതിയിൽ ലഭിച്ച പൊതുതാല്പര്യ ഹർജിയിന്മേലുള്ള അന്വേഷണം

232 (1976) ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കുലി കൈപ്പറ്റിയെന്ന് സോളാർ കമ്മീഷന് മുന്നിൽ ശ്രീമതി സരിത നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ വന്ന പൊതുതാല്പര്യ ഹർജിയിൽ മുഖ്യമന്ത്രി ഊർജ്ജവകുപ്പ് മന്ത്രി എതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ കോടതി ഉത്തരവിട്ടിരുന്നുവോ;

(ബി) അന്വേഷണം പൂർത്തിയാക്കി ഏത് തീയതിക്ക് മുമ്പായി റിപ്പോർട്ട് ഹാജരാക്കാനായിരുന്നു നിർദ്ദേശം; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ്; അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്യുകയുണ്ടായി;

(സി) വിജിലൻസ് കോടതിയിലെ ഹർജിക്കാരന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വെളിപ്പെടുത്തലിനെ തുടർന്ന് വിജിലൻസ് സ്വന്തം നിലയിൽ തന്നെ കേസ് എടുത്ത് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടായിരുന്നു; വിജിലൻസ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;